# കെ.ഐ.ജി ഏരിയ സമ്മേളനങ്ങൾ മെയ് ആദ്യവാരത്തിൽ ഇൽയാസ് മൗലവി പങ്കെടുക്കും

**മനാമ:** കേരള ഇസ്‌ലാമിക് ഗ്രൂപ്പ് മെയ് ആദ്യവാരത്തിൽ വിപുലമായ ഏരിയ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. 'കുടുംബത്തോടൊപ്പം സ്വർഗത്തിലേക്ക്' എന്നതാണ് സമ്മേളന പ്രമേയം. വർത്തമാനകാലത്ത് കുടുംബ ബന്ധങ്ങളിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബം എന്ന അടിസ്ഥാന യൂനിറ്റുമായി ബന്ധപ്പെട്ടാണ് ഏതൊരു സമൂഹത്തിന്റെയും ഭദ്രതയും കെട്ടുറപ്പും നിലനിൽക്കുന്നത്. ആഗോളവത്കരണാനന്തര സമൂഹത്തിൽ കുടുംബ ശൈഥില്യങ്ങളും വിവാഹമോചനങ്ങളും വളരെ വ്യാപകമായികൊണ്ടിരിക്കുന്നു. കുടുംബത്തിന്റെ ഊഷ്മളതയും സുകൃതങ്ങളും വിനഷ്ടമായിരിക്കുന്നു. വീട് എന്നത് കേവലം വിശ്രമിക്കാനും ഉറങ്ങാനുമുള്ള ഒരു ആലയം മാത്രമാണിന്ന്. ഇത്തരമൊരു സാമൂഹിക പശ്ചാത്തലത്തിലാണ് കെ.ഐ.ജി കുടുംബം കേന്ദ്ര വിഷയമാക്കി ഏരിയാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്.

സമൂഹത്തിന്റെ നന്മക്കും സംസ്കരണത്തിനുമായി നിലകൊള്ളുന്ന പ്രസ്ഥാനമാണ് കെ.ഐ.ജി. അതിന്റെ ഇത്തവണത്തെ ദ്വിവർഷ പരിപാടിയിൽ കുടുംബ സംസ്കരണത്തിന് പ്രാമുഖ്യം നൽകുന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബങ്ങളുടെ മൂല്യവത്കരണമാണ് സമ്മേളനം കൊണ്ടുദ്ദേശിക്കുന്നത്. വിശുദ്ധ ഖുർആന്റെയും പ്രവാചകാധ്യാപനത്തിന്റെയും ഭൂമികയിൽ നിന്നാണ് കെ.ഐ.ജി ഊർജം സ്വീകരിക്കുന്നത്. മരണാനന്തരമുള്ള ജീവിതത്തിലും ശാന്തിയും മോക്ഷവും സമൂഹത്തിന് ലഭ്യമാക്കാനാണ് ഇത്തരത്തിലുള്ള സമ്മേളനങ്ങൾ.

മെയ് ഒന്ന്, രണ്ട്, മൂന്ന് തീയതികളിലായി മനാമ, മുഹറഖ്, റിഫ എന്നീ മൂന്ന് ഏരിയകളിലായാണ് സമ്മേളനങ്ങൾ സംഘടിപ്പിക്കുക. മുഹറഖിൽ ജംഇയ്യത്തുൽ ഇസ്‌ലാഹ് ഓഡിറ്റോറിയത്തിലും റിഫയിൽ ലുലു ഹൈപ്പർ മാർക്കറ്റിന് സമീപമുള്ള അൽ ഇസ്‌ലാഹ് ഹാളിലും മനാമയിൽ സൽമാനിയ ആശുപത്രിക്ക് സമീപമുള്ള അൽ ഖാദിസിയ ക്ലബിലുമാണ് പരിപാടികൾ. സമ്മേളനങ്ങളിൽ ശാന്തപുരം അൽ ജാമിഅയിലെ ശരീഅഃ വിഭാഗം തലവൻ ഇൽയാസ് മൗലവി മുഖ്യ പ്രഭാഷണം നിർവഹിക്കും. സ്വദേശികളുൾപ്പെടെയുള്ള പ്രമുഖ വ്യക്തിത്വങ്ങളും സമ്മേളനത്തിൽ പങ്കെടുക്കും. സമ്മേളനത്തിന്റെ ഭാഗമായി ഫ്ളാറ്റ് സന്ദർശനങ്ങൾ, കുടുംബ കൂട്ടായ്മകൾ, കുട്ടികൾക്കും മുതിർന്നവർക്കുമായുള്ള വൈവിധ്യമാർന്ന മത്സര പരിപാടികൾ, വിവിധ ജനസമ്പർക്ക പരിപാടികൾ, ലഘുലേഖ, സിഡി വിതരണം തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കും. സമ്മേളനത്തിന്റെ വിജയത്തിനായി മൂന്ന് ഏരിയകളിലും സ്വാഗതസംഘം രൂപീകരിക്കും.

ഏരിയ സമ്മേളനത്തെകുറിച്ച് വിശദീകരിക്കാൻ കെ.ഐ.ജി കേന്ദ്ര ഓഫീസിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ ആക്ടിംഗ് പ്രസിഡന്റ് ഇ.കെ സലീം, ജനറൽ സെക്രട്ടറി സി. ഖാലിദ്, വൈസ് പ്രസിഡന്റ് ജമാൽ ഇരിങ്ങൽ, ഏരിയ ഓർഗനൈസർമാരായ എം. അബ്ബാസ്, കെ.പി മുഹമ്മദ്, മുസ്തഫ, ഏരിയ സെക്രട്ടിമാരായ സി.എം മുഹമ്മദലി, യു.കെ നാസർ, പി.എൻ അബ്ദുർറസാഖ്, സമ്മേളന കൺവീനർമാരായ വി.പി ഷൗകത്ത്, എം. അബ്ദുൽ ഖാദർ, എം.എം സുബൈർ പങ്കെടുത്തു.

## സാന്ത്വനം ഫലജ് മേഖല അംഗത്വകാർഡ് വിതരണം ചെയ്തു

**ഫലജ്:** സാന്ത്വനം സാമൂഹിക സുരക്ഷ പദ്ധതിയിലെ അംഗങ്ങൾക്ക് അംഗത്വകാർഡ് ഫലജിൽ സംഘടിപ്പിച്ച യോഗത്തിൽ കേരള ഇസ്‌ലാമിക് അസോസിയേഷൻ സോഹാൻ ഏരിയ ഓർഗനൈസർ താജുദ്ദീൻ, സുരേഷ് ഫലജിനു നൽകി ഉദ്ഘാടനം ചെയ്തു. കെ.ഐ.എ സോഹാൻ ഏരിയ സെക്രട്ടറി അബ്ദുൽ അസീസ് അടിമാലി മുഖ്യപ്രഭാഷണം നടത്തി. ആധുനികസമൂഹത്തിൽ സോഷ്യൽ മീഡിയയിലൂടെ വിദൂരങ്ങളിലുള്ള സുഹൃത്തുക്കളുമായി സംവേദിക്കുമ്പോഴും, തൊട്ടടുത്തമുറിയിലെ കൂട്ടുകാരുടെ വിഷമതകൾ തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ സാന്ത്വനം പോലുള്ള സാമൂഹിക സുരക്ഷ പദ്ധതികൾ സമൂഹത്തിനു സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഇസ്സുദീൻ നിലമ്പൂർ സ്വാഗതവും യൂത്ത് ഇന്ത്യ ഫലജ് യൂനിറ്റ് സെക്രട്ടറി നസീർ കൂട്ടിലങ്ങാടി, കെ.ഐ.എ ഫലജ് യൂനിറ്റ് പ്രസിഡന്റ് അബ്ദുർറഷീദ് മലപ്പുറം എന്നിവർ ആശംസകളും അർപ്പിച്ചു. യൂത്ത് ഇന്ത്യ ഫലജ് യൂനിറ്റ് പ്രസിഡന്റ് നിസാർ മൂവാറ്റുപുഴ നന്ദിരേഖപ്പെടുത്തി.



# പാസ്പോർട്ട് ഫീസ് വർധന: യൂത്ത് ഇന്ത്യ സമർപ്പിച്ച ഹരജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു

**കുവൈത്ത് സിറ്റി:** പ്രവാസികൾക്ക് പാസ്പോർട്ട് ഫീസിനത്തിൽ ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യയിലേതിനേക്കാൾ ഉയർന്ന നിരക്ക് ഈടാക്കാനുള്ള നിയമഭേദഗതിക്കെതിരെ ഹൈക്കോടതിയിൽ നൽകിയ അപേക്ഷയിൽ കക്ഷിചേരാൻ യൂത്ത് ഇന്ത്യ കുവൈത്ത് സമർപ്പിച്ച ഹരജി കേരള ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. യൂത്ത് ഇന്ത്യ കുവൈത്ത് പ്രസിഡന്റായ കണ്ണൂർ താഴെചൊവ്വ സ്വദേശി അർഷദാണ് നിരക്ക് വർധന ചോദ്യം ചെയ്ത് സമർപ്പിച്ച ഹരജിയിൽ കക്ഷിചേരാൻ ഹരജി നൽകിയത്.

വിവിധതരം പാസ്പോർട്ട് സേവനങ്ങൾക്കും എമർജൻസി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള മറ്റു യാത്രാ രേഖകളുടെ സേവനങ്ങൾക്കും ഫീസ് വർധിപ്പിച്ച് 2012 സെപ്റ്റംബർ 30– നാണ് വിദേശകാര്യ മന്ത്രാലയം സർക്കുലർ ഇറക്കിയത്. ഇന്ത്യയിൽ 50 ശതമാനം ഫീസ് വർധിപ്പിച്ചപ്പോൾ വിദേശത്ത് 140 ശതമാനം മുതൽ 250 ശതമാനം വരെയാണ് ഫീസ് വർധിപ്പിച്ചത്. കുവൈത്തിൽ പത്ത് വർഷത്തേക്കുള്ള പുതിയ പാസ്പോർട്ടിന് നേരത്തേ 12 ദീനാർ 250 ഫിൽസുണ്ടായിരുന്നത് 21 ദീനാർ 250 ഫിൽസ് ആയാണ് വർധിപ്പിച്ചിരിക്കുന്നത്. 64 പേജുള്ള ജംബോ പാസ്പോർട്ടിന് 15 ദീനാർ 300 ഫിൽസ് ആയിരുന്നത് 28 ദീനാർ 300 ഫിൽസ് ആയും പുതിയ മൈനർ പാസ്പോർട്ടിന് ഏഴ് ദീനാർ 650 ഫിൽസുണ്ടായിരുന്നത് 14 ദീനാർ 250 ഫിൽസുമായാണ് വർധിച്ചത്. കാലാവധി കഴിഞ്ഞ ശേഷം പുതിയ പാസ്പോർട്ട് എടുക്കുന്നതിന് നേരത്തേ കാലാവധി കഴിഞ്ഞ് ആറു മാസമാവാത്തതിന് ഉണ്ടായിരുന്ന 15 ദീനാർ 350 ഫിൽസും ആറു മാസം കഴിഞ്ഞതിനുണ്ടായിരുന്ന 18 ദീനാർ 600 ഫിൽസും ഒറ്റയടിക്ക് 42 ദീനാർ 400 ഫിൽസുമാക്കിയാണ് ഉയർത്തിയത്. പേരിൽ മാറ്റം വരുത്തിയുള്ള പുതിയ പാസ്പോർട്ടിന് 12 ദീനാർ 250 ഫിൽസിൽ നിന്ന് 21 ദീനാർ 250 ഫിൽസായും അത് തന്നെ ജംബോ ആണെങ്കിൽ 28 ദീനാർ 300 ഫിൽസ് ആയും നവജാത ശിശുവിനുള്ള പാസ്പോർട്ടിന് 17 ദീനാർ ആയിരുന്നത് 28 ദീനാർ 450 ഫിൽസ് ആയും പേരിൽ വ്യത്യാസം വരുത്തിയുള്ള മൈനർ പാസ്പോർട്ടിന് ഏഴ് ദീനാർ 650 ഫിൽസായിരുന്നത് 14 ദീനാർ 250 ഫിൽസായുമാണ് ഫീസ് കൂട്ടിയിരിക്കുന്നത്.

രാജ്യത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്ന പ്രവാസികളോട് സർക്കാർ സ്വീകരിക്കുന്ന ഇത്തരം വിവേചനപരമായ നിലപാടുകൾക്കെതിരെ പ്രവാസി സമൂഹം കൂട്ടായി പ്രതികരിക്കണമെന്നും ഇത്തരം നിയമപോരാട്ടങ്ങൾക്ക് മുഴുവൻ പ്രവാസി സംഘടനകളുടെയും പിന്തുണ ആവശ്യമാണെന്നും യൂത്ത് ഇന്ത്യ കുവൈത്ത് പ്രസിഡന്റ് അർഷദ് അഭ്യർഥിച്ചു.